# ലത്തീൻ കത്തോലിക്കരെ
# വിഭജിച്ചു ഭരിക്കാമെന്ന ധാരണ തിരുത്തണം
## ആർച്ച് ബിഷപ്പ് ഡോ. സൂസപാക്യം എം.

**തിരുവനന്തപുരം - സെപ്റ്റംബർ 21, 2009:** സഭയെയും സഭാ നേതൃത്വത്തേയും മാത്രം ആശ്രയിച്ചു നിൽക്കാതെ നേരായ മാർഗത്തിലൂടെ ആസ്തിയും ആൾബലവും സ്വതന്ത്രമായ പ്രതികരണ ശക്തിയും ആർജ്ജിച്ച് കരുത്തു നേടാൻ തിരുവനന്തപുരം അതിരൂപതാ മെത്രാപ്പോലീത്ത ഡോ. സൂസപാക്യം അൽമായരെ ആഹ്വാനം ചെയ്തു. സഭയുടെ അടിസ്ഥാന തത്വങ്ങളെ മുറുകെ പിടിച്ചു കൊണ്ടുള്ള ഈ മുന്നേറ്റത്തിൽ ഇതര സമുദായങ്ങൾക്ക് മുറിവേൽക്കാതിരിക്കാൻ ശ്രദ്ധിക്കണമെന്നും അദ്ദേഹം പറഞ്ഞു. തിരുവനന്തപുരം ലത്തീൻ അതിരൂപതയിലെ വിവിധ ശുശ്രൂഷകളുടെ ആഭിമുഖ്യത്തിൽ ''ജനപങ്കാളിത്തത്തിലൂടെ രാഷ്ട്രീയ നീതി'' എന്ന വിഷയത്തിൽ സംഘടിപ്പിച്ച പഠന ശിബിരം ഉത്ഘാടനം ചെയ്തു പ്രസംഗിക്കുകയായിരുന്നു മെത്രാപ്പോലീത്ത.

സഭാ സംവിധാനങ്ങളിൽ അല്മായ പങ്കാളിത്തം വർദ്ധിച്ചിട്ടുണ്ടെങ്കിലും സാമൂഹ്യ മേഖലയിൽ അതുണ്ടായിട്ടില്ല. പിന്നോക്ക വിഭാഗങ്ങളുടെ വികസനത്തിന് ആവശ്യമായ പദ്ധതികൾ ആസൂത്രണം ചെയ്തു നടപ്പാക്കാൻ കഴിയുന്ന വേദികളിൽ അല്മായ പ്രസ്ഥാനങ്ങൾ തങ്ങളുടെ പങ്കാളിത്തം ഉറപ്പാക്കണം. വികസനത്തിൽ എല്ലാവരുടെയും പങ്കാളിത്തം ഉറപ്പാക്കുമ്പോഴാണ് സഭ സഭയായി തീരുന്നത്. ലത്തീൻ കത്തോലിക്കരെ വിഭചിച്ചു ഭരിക്കാം എന്ന ധാരണയണ് ചിലർ വച്ചു പുലർത്തുന്നത്. ഇത് തിരുത്തിക്കുറിക്കാനുള്ള കെട്ടുറപ്പും ഭദ്രതയും ലത്തിൻ സമുദായത്തിനുണ്ടാകണം. ആയതിനുള്ള സ്വാധീനശക്തിയും സംഭാവനയും വ്യാപിപ്പിക്കാനുള്ള അവസരവും അനുകൂലസാഹചര്യങ്ങളും കൈവന്നിരിക്കുകയാണ്. ഇനി സമുദായം വളരുകയും കരുത്താർജ്ജിക്കുകയും വേണം. സഭാ സമൂഹമെന്ന നിലയിൽ സമൂഹത്തോടുള്ള ഉത്തരവാദിത്വം നിർവ്വഹിക്കുവാൻ, സമൂഹത്തിന്റെ വർച്ചയിൽ പുളിമാവാക്കുവാൻ ലത്തീൻ സമുദായത്തിന് കഴിയണമെന്നും ആർച്ച് ബിഷപ്പ് പറഞ്ഞു.

ചടങ്ങിൽ അതിരൂപതാ പാസ്ട്രൽ കൗൺസിൽ വൈസ് പ്രസിഡന്റ് ലിഡാ ജേക്കബ്ബ് IAS അദ്ധ്യക്ഷത വഹിച്ചു. പ്ലാസിഡ് ഗ്രിഗറി വിഷയാവതരണം നടത്തി. തുടർന്നു നടന്ന പാനൽ ചർച്ചയിൽ ഫാ. ജെയിംസ് കുലാസ് മോഡറേറ്ററായിരുന്നു. വികാരി ജനറൽ മോൺ. യൂജിൻ പെരേര, കരിങ്കുളം പഞ്ചായത്ത് പ്രസിഡന്റ് യേശുരാജൻ, കൊല്ലംകോട് പഞ്ചായത്ത് പ്രസിഡന്റ് സ്റ്റീഫൻ, തിരുവനന്തപുരം കോർപ്പറേഷൻ കൗൺസിലർ മേരി വിജി, ബ്ലോക്ക് കൗൺസിലർ ബി.പി.സ്റ്റാലിൻ, സേവ്യർ ലോപ്പസ്, എബിൻ തോമസ് തുടങ്ങിയവർ ചർച്ചയിൽ പങ്കെടുത്തു.

ഫാ. യൂജിൻ പെരേര
വികാരി ജനറൽ